# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18 പ്രകാരം തടസ്സപ്പെടുത്തിയ 43,520/- രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.2885/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 15/10/2016**

പരാമർശം:-
1) ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/07/2015 തീയതിയിലെ എ-2344/2015 നമ്പർ കത്ത്
2) പഞ്ചായത്ത് ഡയറക്ടറുടെ 07/12/15 തീയതിയിലെ എം3-41617/15 നമ്പർ കത്ത്.
3) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/08/2016 തീയതിയിലെ കെ.എസ്.എ 979/പിറ്റി 3/2016 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'മത്സ്യ കൃഷി' എന്ന പദ്ധതിയിൽ, മത്സ്യതീറ്റയ്ക്കായി സർക്കാർ മാർഗ്ഗരേഖ പ്രകാരം ഹെക്ടറിന് 3,000/- രൂപ നിരക്കിൽ പരമാവധി 6,000/- രൂപ വരെ സബ്സിഡി നൽകാമെന്ന വ്യവസ്ഥ നിലനിൽക്കേ, 0.96 ഹെക്ടർ സ്ഥലത്ത് നടത്തിയ മത്സ്യ കൃഷിക്ക് പരമാവധി നൽകാവുന്ന സബ്സിഡി തുകയായ 2,880/- രൂപയ്ക്ക് വിരുദ്ധമായി 46,400/- രൂപ അനുവദിക്കുകയും അതിൽ സബ്സിഡി തുക 2,880/- കുറച്ച് ബാക്കി തുക 43,520/- തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു.

2) പ്രസ്തുത മത്സ്യ കൃഷി പദ്ധതിയിൽ 50,000/- രൂപ വരെ വകയിരുത്തിയിരുന്നതായും ഇതിൽ 3,600/- രൂപ മത്സ്യക്കുഞ്ഞുങ്ങളുടെ വിലയിനത്തിലും 46,400/- രൂപ മത്സ്യ തീറ്റിയ്ക്കായും വകയിരുത്തിയതായും ബ്ലോക്ക് ടെക്നിക്കൽ കമ്മിറ്റിയും ഡി പി സി യും അംഗീകരിച്ച പ്രൊജക്ട് അതേ വിധത്തിൽ നടപ്പിലാക്കിയതായും 2011,2012,2013 വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടിലൂടെ ജില്ലാതലത്തിൽ ഗ്രാമപഞ്ചായത്തിന് 1-ാം സ്ഥാനം നേടാൻ സാധിച്ചുവെന്നും ആയതിനാൽ ഇക്കാര്യത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കി 43,520/- രൂപ ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം 1 കത്ത് പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ

വ്യക്തമായ ശുപാർശ സഹിതം പരാമർശം 2 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച സർചാർജ്ജ് നോട്ടീസിന് നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിന്മേൽ കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം പ്രാദേശിക പരിശോധന നടത്തിയതിൽ, പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഖണ്ഡികയിലെ തടസ്സം സർചാർജ്ജ് നടപടികളിൽ നിന്നും ഒഴിവാക്കിയെന്നും ആയതിനാൽ പ്രസ്തുത തുകയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം 3 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരുവേശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം,, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലും 2011,2012,2013 വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടിലൂടെ ജില്ലാതലത്തിൽ ഗ്രാമപഞ്ചായത്തിന് 1-ാം സ്ഥാനം നേടാൻ സാധിച്ചുവെന്ന വസ്തുത പരിഗണിച്ചും കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18 പ്രകാരം തടസ്സപ്പെടുത്തിയ മത്സ്യ കൃഷി പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 43,520/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, എരുവേശ്ശി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ,, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ